"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- മരട് നഗരസഭ- ശ്രീമതി. റോസ് മേരി.കെ.വി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 25571/2022 കേസിൻമേലുള്ള 11/08/2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്

G.O.(Rt) No.2691/2022/LSGD തീയതി,തിരുവനന്തപുരം, 05-11-2022

---

പരാമർശം:-

1. മരട് നഗരസഭാ സെക്രട്ടറിയുടെ 28.05.2022 ലെ R1-3939/22(R1-4970/22) നം.ഉത്തരവ്.
2. .ശ്രീമതി. റോസ് മേരി.കെ.വി സർക്കാരിൽ സമർപ്പിച്ച 07/06/2022 തീയതിയിലെ അപേക്ഷ.
3. 06/10/2022 തീയതിയിൽ സർക്കാരിൽ ലഭിച്ച ബഹു. ഹൈക്കോടതിയുടെ WP(C) No. 25571/2022 നമ്പർ കേസിൻമേലുള്ള 11/08/2022 തീയതിയിലെ വിധിന്യായം
4. മരട് നഗരസഭ സെക്രട്ടറിയുടെ 03/9/2022 തീയതിയിലെ R1-3939/212 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ മരട് നഗരസഭയിൽ 29-ാം ഡിവിഷനിൽ റീ സർവ്വേ 266/ 12.2.2 ൽ പെട്ട 1.79 ares വസ്തുവിലും അതിനകത്തുമുള്ള കെട്ടിടത്തിന്റേയും ഉടമസ്ഥാവകാശം സംബന്ധിച്ച് ശ്രീമതി. റോസ് മേരി ഫയൽ ചെയ്ത WP(C) No. 25571/2022 കേസിൻമേലുള്ള പരാമർശം (3) വിധിന്യായപ്രകാരം പെറ്റീഷണറുടെ പരാമർശം(2) പ്രകാരമുള്ള അപേക്ഷയിൻമേൽ കേസിലെ 2-ാം എതിർകക്ഷിയായ മരട് നഗരസഭാ സെക്രട്ടറി രണ്ടാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ ടി റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ നിയമാനുസൃതമായി തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.

2. എറണാകുളം ജില്ല, മരട് നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്നതും പെറ്റീഷണറായ ശ്രീമതി റോസ് മേരിയുടെ ഭർത്താവായ പരേതനായ ശ്രീ.സേവ്യറുടെയും ടിയാളുടെ മാതാവായ ശ്രീമതി പൗളി ജോസഫിന്റേയും ഉടമസ്ഥതയിലുള്ളതുമായ 266/ 12.2.2 ൽ

പെട്ട 1.79 ares വസ്തുവിലും അതിനകത്തുമുള്ള കെട്ടിടത്തിന്റേയും ഉടമസ്ഥാവകാശം, ശ്രീ.സേവ്യറുടെ മരണാനന്തരം ടിയാളുടെ വിധവയായ ശ്രീമതി റോസ് മേരി, മക്കളായ Bhavana Xavier, Agna Xavier, Pauly Joseph, എന്നിവരുടെ പേരിലേക്ക് നിയമപരമായി മാറ്റുന്നതാണ് ടി കേസിനാധാരമായ വിഷയം.

3. ശ്രീ. സേവ്യർ 29.9.2016 ൽ മരണപ്പെട്ടതിനെത്തുടർന്ന്, ടിയാളുടെ മക്കളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി ലോൺ എടുക്കുന്നതിനായി ടി വസ്തുവും, വീടും, ടി കെട്ടിടത്തിന്റെ ശേഷിക്കുന്ന ഉടമസ്ഥാവകാശമുള്ള ശ്രീ.സേവ്യറുടെ മാതാവായ ശ്രീമതി പൗളി ജോസഫിന്റെ അവകാശം, ടിയാരിയുടെ സമ്മതപ്രകാരം, ശ്രീമതി റോസ് മേരിയുടെയും, മൂന്ന് മക്കളുടേയും പേരിലാക്കി ExtP1, Settlement deed ഉണ്ടാക്കി. അപ്രകാരം ടി പ്രോപ്പർട്ടിയുടെ അവകാശം പെറ്റീഷണറായ ശ്രീമതി റോസ് മേരിയുടേയും മൂന്നു മക്കളുടേയും പേരിലേക്ക് മാറ്റുന്നതിനായി മരട് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ നഗരസഭ ടി അവകാശം ടിയാളുടേയും മക്കളുടേയും പേരിൽ മാത്രമല്ല, ടിയാളുടെ മാതാവായ ശ്രീമതി പൗളി ജോസഫിന്റെയും അവകാശത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് (Ext P6) റദ്ദാക്കുന്നതിനാണ് മേൽ കേസ് ഫയൽ ചെയ്തിട്ടുള്ളത്. നഗരസഭയുടെ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ നിയമാനുസൃതം തീരുമാനം കൈക്കൊള്ളണമെന്നതാണ് പരാമർശം (3) ലെ വിധിന്യായത്തിലെ നിർദ്ദേശം.

4. ഈ വിഷയത്തിൽ പരാമർശം (4) റിപ്പോർട്ട് പ്രകാരം ExtP1 Settlement deed അനുസരിച്ച് ശ്രീമതി പൗളി ജോസഫ് തന്റെ അവകാശത്തിന്റെ ഒന്നു പകുതിയാണ് ശ്രീമതി റോസ് മേരിയ്ക്ക് നൽകിയിട്ടുള്ളതെന്നും ശേഷിക്കുന്നതിൽ ബാക്കി പകുതിയുടെ അവകാശിയായ കെ.ജെ സേവ്യറിന്റെ മരണശേഷം അനന്തരാവകാശികളായവരിൽ മാതാവായ, ശ്രീമതി.പൗളി ജോസഫും ഉൾപ്പെടുന്നുവെന്നും ആയത് പ്രകാരം 1/3 അവകാശം മാതാവായ ശ്രീമതി. പൗളി ജോസഫിനുള്ളതിനാൽ ആണ് നഗരസഭ ശ്രീമതി. റോസ് മേരിയുടേയും മക്കളുടേയും ശ്രീമതി.പൗളി ജോസഫിന്റേയും അവകാശത്തിലേക്ക് ടി പ്രോപ്പർട്ടി ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് എന്നും അറിയിച്ചിരുന്നു. കൂടാതെ ഇവരുടെ legal heirship certificate പ്രകാരവും ശ്രീ.സേവ്യറുടെ അവകാശികൾ മേൽപ്പറഞ്ഞ ശ്രീമതി.റോസ് മേരി, മൂന്നു മക്കൾ, ശ്രീമതി.പൗളി ജോസഫ് എന്നിവരാണ്. അപ്രകാരം EXT P1 Settlement deed പ്രകാരം ടി പ്രോപ്പർട്ടിയുടെ അവകാശം നിശ്ചയിച്ച് നഗരസഭ പുറപ്പെടുവിച്ച പരാമർശം(1) ലെ EXT P6 ഉത്തരവ് നിയമാനുസൃതമാണെന്നുമാണ് പരാമർശം (4) പ്രകാരം മരട് നഗരസഭ സെക്രട്ടറി

അറിയിച്ചിരുന്നത്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. Ext. P1 Settlement Deed പരിശോധിച്ചതിൽ മരട് മുനിസിപ്പാലിറ്റി റീ സർവ്വേ 266/ 12.2.2 ൽ പെട്ട 1.79 ares വസ്തുവിലും അതിനകത്തുമുള്ള കെട്ടിടത്തിലും, ശ്രീമതി പൗളി ജോസഫ് തനിക്ക് സിദ്ധിച്ച ഒന്ന് പകുതി അവകാശം പൂർണ്ണമായും മരണപ്പെട്ട മകന്റെ ഭാര്യക്കും മക്കൾക്കുമായി ഒഴിഞ്ഞു നൽകിയിട്ടുള്ളതായും, തുടർന്ന് ടിയാർകൾ ടി വസ്തു തങ്ങളുടെ കൂട്ടായ പേരിൽ കൂട്ടി 12617-ാം നമ്പർ തണ്ടപ്പേർ പ്രകാരം പട്ടയം പിടിച്ചും കരം ഒടുക്കിയും വരുന്നതായി കാണുന്നു. ടി ആധാരപ്രകാരം ശേഷിക്കുന്ന ഒന്ന് പകുതി വസ്തു വകകൾക്ക് ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമത്തിന്റെ 33-ാം വ്യവസ്ഥകളാണ് ബാധകമാകുന്നത് ഈ സാഹചര്യത്തിൽ മരട് മുനിസിപ്പാലിറ്റി സെക്രട്ടറി നൽകിയിട്ടുള്ള Ext P6 നിയമപരമല്ലെന്നു കാണുന്നു. Ext P1 ധനനിശ്ചയ ആധാരത്തിന്റെയും, തുടർന്ന് റവന്യൂ അധികാരികൾ നൽകിയിട്ടുള്ള തണ്ടപ്പേർ/കരം രസീതുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടേയും വീടിന്റേയും പൂർണ്ണമായും പെറ്റീഷണർക്കും, മക്കൾക്കും കൂട്ടായി സിദ്ധിച്ച ഉടമസ്ഥത അനുവദിച്ചു നൽകണമെന്ന ടിയാരിയുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷയിലെ ആവശ്യം ന്യായവും നിയമാനുസൃതവുമാണ്.

6. മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ മരട് നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്നതും പെറ്റീഷണറായ ശ്രീമതി റോസ് മേരിയുടെ ഭർത്താവായ പരേതനായ ശ്രീ.സേവ്യറുടെയും ടിയാളുടെ മാതാവായ ശ്രീമതി പൗളി ജോസഫിന്റേയും ഉടമസ്ഥതയിലുള്ളതുമായ മരട് മുനിസിപ്പാലിറ്റി റീ സർവ്വേ 266/ 12.2.2 ൽ പെട്ട 1.79 ares വസ്തുവിലും,അതിനകത്തുള്ള കെട്ടിടത്തിന്റേയും ഉടമസ്ഥാവകാശം അവകാശികളായ ശ്രീമതി റോസ് മേരി, മക്കളായ Bhavana Xavier, Agna Xavier, Pauly Joseph, എന്നിവരുടെ പേരിലേക്ക് നിയമപരമായി മാറ്റുന്നത് സംബന്ധിച്ച വിഷയത്തിൽ മരട് നരസഭ പുറപ്പെടുവിച്ച പരാമർശം(1) EXT P6 ഉത്തരവ് റദ്ദാക്കിക്കൊണ്ട്, പ്രസ്തുത ഭൂമിയുടേയും അതിനകത്തുള്ള കെട്ടിടത്തിന്റേയും പൂർണ്ണമായ അവകാശം ശ്രീമതി. റോസ് മേരിയുടേയും, മൂന്നു മക്കളുടേയും പേരിൽമാത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ മരട് നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ശ്രീമതി. റോസ് മേരി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തWP(C) NO. 25571

OF 2022 കേസിൻമേലുള്ള പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം).
ശ്രീമതി. റോസ് മേരി, കടവിൽ ഹൗസ്, നെട്ടൂർ.പി.ഒ
എറണാകുളം- 682040.
സെക്രട്ടറി, മരട് നഗരസഭ,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള വിഷൻ, തിരുവനന്തപുരം.
( ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 05-11-2022 14:28:11
സെക്ഷൻ ഓഫീസർ